# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.696 — 11.03.2015- ൽ മറുപടി.

## രാത്രി സമയ പോസ്റ്റ്മോർട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) രാത്രിയിൽ പോസ്റ്റ് മോർട്ടം നടത്തുന്നതിനു സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവ് ഇതുവരെ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) ഉണ്ട്. ഇക്കാര്യത്തിനായി ആവശ്യമുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. |
| (ബി) 24 മണിക്കൂറിൽ പോസ്റ്റ്മോർട്ടം പ്രാവർത്തികമാക്കുന്നതിനു ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി)&(സി) ഉറപ്പ് നൽകിയിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം/കോഴിക്കോട്/കോട്ടയം ആലപ്പുഴ/തൃശ്ശൂർ എന്നീ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ധനവകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടുകൂടി എത്രയും വേഗം ഇത് നടപ്പാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (സി) 24 മണിക്കൂർ പോസ്റ്റ്മോർട്ടം ഏറ്റവും വേഗത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നു നിയമസഭയിൽ ഉറപ്പു നൽകിയിട്ടുണ്ടോ; എങ്കിൽ ആ ഉറപ്പ് എപ്പോൾ പാലിക്കാൻ കഴിയും; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ